## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1503 — 04.12.2015-ൽ മറുപടിയ്ക്ക്

## സാംസ്കാരിക മേഖലയിലെ വളർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.എ. മാധവൻ:<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. പാലോട് രവി:<br>ശ്രീ. ഹൈബി ഈഡൻ: | ശ്രീ.കെ.സി.ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും വകുപ്പ് മന്ത്രി |
| (എ) സാംസ്കാരിക മേഖലയിലെ വളർച്ചയ്ക്ക് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;<br>(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | എ) ബി) & സി) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ഓരോ സ്ഥാപനവും പ്രത്യേകം പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. സാംസ്കാരിക കാര്യ വകുപ്പിൻ കീഴിലെ വിവിധ വകുപ്പുകൾ/ സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. 2015 ഡിസംബർ മാസം 18 മുതൽ 22 വരെ കോട്ടയത്ത് സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പ് /സ്ഥാപനങ്ങളെ ഉൾപ്പെടുത്തി സംഘടിപ്പിക്കാനുദ്ദേശിക്കുന്ന സുവർണ്ണം 2015 പദ്ധതി ഇതിന്റെ ഉത്തമ ഉദാഹരണമാണ്. കേരളത്തിലെ വിവിധ സ്വകാര്യ സാംസ്കാരിക സംഘടനകൾ/ സ്ഥാപനങ്ങൾ എന്നിവയുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്കായി ധന സഹായം സാംസ്കാരിക വകുപ്പിൽ നിന്നും നൽകുന്നുണ്ട്. കേരള സംസ്കാര വ്യാപനത്തിന്റെ ഭാഗമായി കേരള സാംസ്കാരിക വെബ്സൈറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല സമ്പൂർണ്ണ സാംസ്കാരിക സർവ്വകലാശാലയായി രൂപാന്തരപ്പെടുത്താനുള്ള പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. ശ്രീ നാരായണ ഗുരുവിന്റെ ദർശനങ്ങൾ സ്കൂൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയും, മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തെ മാപ്പിള |

കലാ അക്കാദമിയായി ഉയർത്തിയതും, പുരാവസ്തു വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ജില്ലാ പൈതൃക മ്യൂസിയങ്ങൾ, കാക്കണ്ണൻ പാറയിലെ കലാഗ്രാമം, കടിയേറ്റ മ്യൂസിയം നിർമ്മാണത്തിനുള്ള നടപടികൾ. വൈക്കം സത്യാഗ്രഹ സ്മാരക മ്യൂസിയം, കേന്ദ്ര സഹായത്തോടെയുള്ള മ്യൂസിയം നവീകരണം, വഴിയോര ശില്പങ്ങൾ, എന്നീ പ്രവർത്തനങ്ങളെല്ലാം സാംസ്കാരിക മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന പ്രവർത്ത നങ്ങളാണ്.

സെക്ഷൻ ഓഫീസർ